# മക്കളിലൂടെ ഒരു ഉദ്ധാരണം



സാജു മാത്യു

സണ്ണിക്കുട്ടി പാസ്റ്റർ ആത്മാർത്ഥതയും വിശ്വസ്തതയുമുള്ള ഒരു സഭാ ശുശ്രൂഷകനാണ്. കേന്ദ്രത്തിൽ നിന്ന് സ്ഥലം മാറ്റ ഓർഡർവന്നപ്പോൾ ഏകമകൾ സാറ 12–ാം ക്ലാസ്സിലായിരുന്നു പഠിക്കുന്നത്. എന്നിട്ടും കുമ്പനാട്ടെ ഓർഡർ ദൈവഹിതമെന്നു കരുതി അദ്ദേഹം സ്ഥലം മാറ്റത്തിനു തയ്യാറായി. എല്ലാം കെട്ടിപ്പെറുക്കി പുതിയ സഭയിൽ ചെന്നപ്പോൾ കുമ്പനാട്ടെ ഓർഡർ കാറ്റിൽപറത്തിക്കൊണ്ട് അവിടുത്തെ പാസ്റ്റർ പറഞ്ഞു. എന്റെ മകൻ 11–ാം ക്ലാസ്സിലാണു പഠിക്കുന്നത് രണ്ടു വർഷത്തേക്ക് ഇവിടെ നിന്നും മാറുന്ന പ്രശ്നമേയില്ല!

സണ്ണിക്കുട്ടി പാസ്റ്റർക്ക് പഴയ സഭ പോവുകയും ചെയ്തു പുതിയ സഭ കിട്ടിയതുമില്ല. ഒടുവിൽ കേന്ദ്രം ഓർഡർതിരുത്തിക്കൊടുത്തു. 'പുതിയ പ്രവർത്തനം' അങ്ങനെ പട്ടണത്തിലെ ഒരു വാടകവീട്ടിൽ സണ്ണിക്കുട്ടി പാസ്റ്റർ പുതിയ പ്രവർത്തനം തുടങ്ങി.

ഉപവാസവും പ്രാർത്ഥനയും വീട് സന്ദർശനവും പരസ്യ പ്രവർത്തനവും ഒക്കെയായി രണ്ടുവർഷം ചെറിയൊരു സഭ അവിടെ ഉടലെടുത്തു. മകളെ പഠിപ്പിക്കാനാണ് സണ്ണിക്കുട്ടി പാസ്റ്റർ ഏറെ ബുദ്ധിമുട്ടിയത്. രണ്ടുവർഷവും അവൾ പഴയ യൂണിഫോം തന്നെയിട്ടുസ്കൂളിൽ പോയി. ഫീസുകൊടുക്കാൻ പലപ്പോഴും ബുദ്ധിമുട്ടി. ചില ദിവസങ്ങളിലെങ്കിലും ഭക്ഷണമില്ലാതെ പട്ടിണി കിടന്നു. എന്നാൽ സാറാമോൾ 90 ശതമാനം മാർക്കുവാങ്ങി 12 പാസ്സായി. അവൾക്ക് നേഴ്സിംഗിന് പ്രയാസമില്ലാതെ അഡ്മിഷൻ ലഭിച്ചു.

മെറിറ്റിൽ അഡ്മിഷൻ കിട്ടിയെങ്കിലും ഹോസ്റ്റൽ ഫീസും അനുബന്ധ ചിലവുകളും സണ്ണിക്കുട്ടി പാസ്റ്റർക്ക് കയ്യിലൊതുങ്ങാത്തതായിരുന്നു. വിദ്യാഭ്യാസലോണിന് അപേക്ഷിച്ചപ്പോഴാണ് ഓർക്കുന്നത് സണ്ണിക്കുട്ടിപാസ്റ്ററുടെ പേരിൽ ഒരു തുണ്ടു ഭൂമി പോലുമില്ല. എന്നിട്ടും മാനേജർക്ക് കരുണതോന്നിയിട്ട് ലോൺ തരപ്പെടുത്തിക്കൊടുത്തു.

സണ്ണിക്കുട്ടി പാസ്റ്ററുടെ കൂടെ ബൈബിൾ സ്കൂളിൽ പഠിച്ച ശമുവേൽകുട്ടി ഇപ്പോൾ അറിയപ്പെടുന്ന ഒരു പ്രവാചകനാണ്. ഒരുദിവസം ശമുവേൽകുട്ടി സണ്ണിക്കുട്ടിയുടെ സഭ സന്ദർശിച്ചപ്പോൾ പരിചയം വെച്ച് സണ്ണിക്കുട്ടി വിശ്വസ്തതയോടെ ദൈവത്തെയും സഭയെയും സേവിച്ചിട്ടും തനിക്ക് അനുഭവിക്കേണ്ടിവന്ന അവഗണനയും തിക്താനുഭവങ്ങളും ഇപ്പോഴത്തെ സാമ്പത്തിക പ്രതിസന്ധിയും ഒക്കെ വിവരിച്ചു.

സൈക്കിൾ ചവിട്ടി വീടുകൾ കയറിയിറങ്ങി സുവിശേഷവേല ചെയ്തിരുന്ന സണ്ണിക്കുട്ടിപാസ്റ്റർ കാനഡയിൽ പണിയൊന്നും ചെയ്യാതെ വെറുതെയിരുന്നു തിന്നുകൊഴുത്ത് ഡയബറ്റിക്കായി, ബി.പി. കൂടി. ഹാർട്ടിനും ബ്ലോക്കുണ്ട്. വീടിനു പുറത്ത് എപ്പോഴും മഞ്ഞു കിടക്കുകയാണ്. പുറത്തിറങ്ങാൻ വയ്യ! രണ്ടു കുരുത്തംകെട്ട മക്കളൊണു മകൾക്കുള്ളത്. സകല ക്ഷമയും കെട്ടുപോകും. ബി.പി. കൂടിയതുകൊണ്ടായിരിക്കും തനിക്ക് ഒട്ടും സഹിഷ്ണതയില്ലെന്ന് സണ്ണിക്കുട്ടി ഓർക്കും. ഒരു ദിവസം മൂത്തവൻ കുഞ്ഞമ്മയുടെ കഴുത്തിനു ചുറ്റിപ്പടിച്ച് തലമുടി പിടിച്ചു വലിച്ചു പറിച്ചപ്പോൾ കുഞ്ഞമ്മ കരഞ്ഞുപോയി. സണ്ണിക്കുട്ടിക്കു സഹിച്ചില്ല. കൊടുത്തു ചെറുക്കനിട്ടു രണ്ടു പൊട്ടീര്!.

വൈകുന്നേരം മകൾ ഈറ്റപ്പുലിയെപ്പോലെ ചാടിക്കയറി. 'തൊട്ടുപോയേക്കരുത് എന്റെ മക്കളെ... നിങ്ങൾക്കറിയാമോ? ഇതു നാടുവേറെയാ... കൊച്ചുങ്ങൾ 100 കറക്കിയാൽ പോലിസിങ്ങുവരും. രണ്ടിനേം പിടിച്ചു ജയിലിലിടും. ഒടുവിൽ ഞങ്ങളും അഴിയെണ്ണേണ്ടിവരും! സണ്ണിക്കുട്ടി ഒന്നും മിണ്ടിയില്ല. കുഞ്ഞമ്മയ്ക്കുകരച്ചിൽ വന്നു. എന്നിട്ടും ഒന്നും മിണ്ടിയില്ല. മിണ്ടിയാൽ മകൾ 100 കറക്കിയാലോ?

ഇടയ്ക്കിടെ സണ്ണിക്കുട്ടി കഴിഞ്ഞ കാല സഭാ ശുശ്രൂഷയൊക്കെ ഓർക്കും. മകളും മരുമകനും ജോലിക്കും കൊച്ചുമക്കൾ സ്കൂളിലും പോയിക്കഴിയുമ്പോൾ സണ്ണിക്കുട്ടി കുഞ്ഞമ്മയോടു പറയും 'എടീ നമുക്കൊരു സഭായോഗം നടത്താം. പാട്ടുപാടി സ്തോത്രകാഴ്ചയൊക്കെ എടുത്ത്. നീ സാക്ഷി പറ! ഞാൻ പ്രസംഗിക്കാം..' വാഴ്ത്തുക നീ മനമേ, എൻ പരനെ... സണ്ണിക്കുട്ടി പാസ്റ്റർ യോഗം ആരംഭിച്ചു കഴിഞ്ഞു. അങ്ങനെ സണ്ണിക്കുട്ടി പാസ്റ്ററും ഭാര്യ കുഞ്ഞമ്മയും അവരുടെ ഏകാന്തതകളിൽ സഭായോഗം കളിച്ചു.

ഇതായിരിക്കുമോ, ശമുവേൽകുട്ടി അന്നു പ്രവചിച്ച മക്കളിലൂടെയുള്ള ഉദ്ധാരണം?

***ഇനി കുറെക്കൂടെ പഴയ ഒരു കഥ, കഥയല്ല നടന്ന സംഭവം!***

1929, അന്ന് പാസ്റ്റർ പി.എം ഫിലിപ്പിന് പ്രായം 14 വയസ്സ്. കുഞ്ഞു ഫിലിപ്പ് ടൈഫോയ്ഡ് രോഗം ബാധിച്ച് ആകെ അവശനായി– മരണാസന്നനായി എന്നു തന്നെ പറയാം. കട്ടിലിൽ കിടക്കുന്ന സമയം! ആ കിടക്കയിൽ ദൈവം അദ്ദേഹത്തോടു സംസാരിച്ചു. നിന്നെ ഞാൻ പൂർണ്ണ സമയ സുവിശേഷവേലയ്ക്കു വേണ്ടി വേർതിരിച്ചിരിക്കുന്നു.!.

## മക്കളിലൂടെ
## ഒരു ഉദ്ധാരണം

ഫിലിപ്പ് ആദ്യമൊന്നു പതറി തന്റെ പിതാവിന് ആറു മക്കളാണ് അവരിൽ താൻ മാത്രമേ ഇംഗ്ലീഷ് സ്കൂളിൽ പഠിച്ചിട്ടുള്ളൂ. തന്നെയൊരു ഉദ്യോഗസ്ഥനായി കാണാൻ പിതാവ് ആഗ്രഹിക്കുന്നതു കൊണ്ടായിരിക്കുമല്ലോ സഹോദരങ്ങളെയെല്ലാം മലയാളം സ്കൂളി പഠിപ്പിച്ചപ്പോഴും തന്നെ പിതാവ് ഇംഗ്ലീഷ് സ്കൂളിൽ ചേർത്തത്.

എങ്കിലും ദൈവശബ്ദത്തോടു മറുതലിക്കാൻ ഫിലിപ്പിനു കഴിയുമായിരുന്നില്ല. ആ ബാലൻ സങ്കടത്തോടെയാണെങ്കിലും പിതാവിനോടു പറഞ്ഞു. അപ്പച്ചാ ദൈവം എന്നോട് പൂർണ്ണസമയ സുവിശേഷവേലയ്ക്കു വേണ്ടി പോകുവാൻ ആവശ്യപ്പെട്ടു. ഞാൻ കർത്താവിനോടു സമ്മതിച്ചു.

അതുകേട്ടു പിതാവിന്റെ കണ്ണുകൾ നിറഞ്ഞു.പൊടിമല മത്തായിച്ചൻ എന്ന ശക്തനായ ആ പിതാവ് കരയുന്നതു കണ്ട് മകൻ ഫിലിപ്പിന് സങ്കടമായി.

'അപ്പച്ചൻ എതിരു പറയരുത്' ഫിലിപ്പ് പറഞ്ഞു.

'എതിരോ? എന്തിന് മകനെ.... ഇപ്പോഴാണ് അപ്പച്ചനു സന്തോഷമായത്. ഇന്നാണ് എന്റെ ജീവിതത്തിലെ ഏറ്റവും സന്തോഷകരമായ ഒരു ദിവസം!..

'അപ്പോൾ അപ്പച്ചൻ എന്നെ ഇംഗ്ലീഷ് സ്കൂളിൽ പഠിക്കാൻ വിട്ടത് ഞാൻ ഉദ്യോഗസ്ഥൻ ആകാൻവേണ്ടിയായിരുന്നില്ലോ.?

'ഒരിക്കലും അല്ലമോനെ! നിന്നെ ഞാൻ ഇംഗ്ലീഷ് പഠിപ്പിച്ചത് നീ നല്ലൊരു സുവിശേഷകനാകാനാണ്. എനിക്ക് മലയാളവും അൽപം തമിഴും മാത്രമേ വശമുള്ളൂ. അതുകൊണ്ട് എനിക്ക് ഈ ഭാഷക്കാരുടെ അടുത്തു മാത്രമേ സുവിശേഷവുമായി പോകാൻ കഴിയൂ. നീ എല്ലാ ജാതിക്കാരുടെയും ഭാഷക്കാരുടെയും മദ്ധ്യത്തിൽ കർത്താവിന്റെ സാക്ഷിയാകണമെന്ന് ഞാൻ ആഗ്രഹിച്ചു. അതിനാണു നിന്നെ ഞാൻ ഇംഗ്ലീഷ് പഠിപ്പിച്ചത്. സുവിശേഷവേലയിൽ എനിക്കു ചെയ്യാൻ കഴിയാഞ്ഞത് നീ ചെയ്യണം എന്നു ഞാൻ ആഗ്രഹിച്ചു. ഇത് ആനന്ദക്കണ്ണീരാണു മോനെ! ഞാൻ നിന്നെ കർത്താവിനു സമർപ്പിച്ചിരുന്നെങ്കിലും നീ നിർബന്ധത്താൽ അത് ഏറ്റെടുക്കാതെ ദൈവത്തിന്റെ ആത്മാവ് നിന്നോടു സംസാരിക്കേണ്ടതിന് ഞാൻ പ്രാർത്ഥിച്ചുകൊണ്ടിരുന്നു. ഇപ്പോൾ എനിക്കു സന്തോഷമായി!;

ടൈഫോയിഡ് ഫിലിപ്പിനെ അപ്പോഴും വിട്ടുമാറിയിരുന്നില്ല. മരണാസന്നനായി കിടന്ന ഫിലിപ്പിനെ പിതാവും തങ്കയ്യാ അതിയവും ചേർന്ന് എണ്ണ പൂശി പ്രാർത്ഥിച്ചു. പിന്നീട് കിണറ്റുകരയിൽ കൊണ്ടുപോയി പച്ചവെള്ളത്തിൽ കുളിപ്പിച്ചു. രണ്ടു മണിക്കൂറിനകം കുട്ടി കോട്ടുവന്ന് മരിച്ചുപോകുമെന്ന് കണ്ടുനിന്ന നാട്ടുകാർ വിധിയെഴുതി!

എന്നാൽ പിറ്റേയാഴ്ച മുതൽ ഫിലിപ്പ് വിവിധ സ്ഥലങ്ങളിൽ കർത്താവിനെ ശുശ്രൂഷിച്ചു തുടങ്ങി. പൊടിമല മത്തായിച്ചന്റെ ആഗ്രഹം പോലെ മകൻ കേരളത്തിൽ മാത്രമല്ല, ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ ലോകമെങ്ങും കർത്താവിന്റെ സാക്ഷിയായി. സുവിശേഷവേലയിൽ പൊടിമല മത്തായിച്ചനു കഴിയാതിരുന്നത് മകൻ പി.എം. ഫിലിപ്പ് കർത്താവിന്റെ കൃപയിൽ ചെയ്തു തീർത്തു.

ഇതല്ലേ യഥാർത്ഥത്തിൽ മക്കളിലൂടെയുള്ള ഒരു ഉദ്ധാരണം? നമുക്ക് യഥാർത്ഥത്തിൽ ഇങ്ങനെ പ്രാർത്ഥിക്കാൻ കഴിയുമോ? ദൈവമേ, ദൈവരാജ്യത്തിന്റെ വിപുലപ്രവൃത്തിയിൽ എനിക്കു ചെയ്യാൻ കഴിയാതിരുന്നത് നിർവ്വഹിക്കാൻ എന്റെ മക്കളെ നീ ഉപയോഗിക്കണമെ.... അങ്ങനെ ദൈവരാജ്യത്തിൽ എന്റെ മക്കളിലൂടെ എനിക്കൊരു ഉദ്ധാരണം നൽകണമെ... ആമേൻ!';